കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

89 (4128) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രാക്ടറുകൾ, ട്രില്ലറുകൾ, കൃഷിയുമായി ബന്ധപ്പെട്ട മറ്റ് യന്ത്ര സാമഗ്രികൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും മറ്റു വ്യക്തികളും പൈസ അടച്ച് വർഷങ്ങൾക്കുശേഷം മാത്രമാണ് അവർക്ക് ലഭ്യമായിട്ടുള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സാമ്പത്തിക പ്രതിസന്ധി കാരണം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയവ നൽകാൻ കഴിയാതെ വരുന്നത് പരിഹരിക്കാൻ വേണ്ടിയാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ ട്രാക്ടറും ട്രില്ലറും മറ്റ് യന്ത്രസാമഗ്രികളും ലഭിക്കുന്നതിനുവേണ്ടി ഉപഭോക്താക്കൾ അടച്ച പൈസ ഉപയോഗിച്ചതെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് സാമ്പത്തിക സഹായം നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രാക്ടറുകളും ട്രില്ലറുകളും കൃഷിയുമായി ബന്ധപ്പെട്ട് മറ്റ് സാമഗ്രികളും ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും വ്യക്തികളും തുക അടച്ചതനുസരിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ വ്യാപാരങ്ങളിൽ നിന്നുള്ള ലാഭം എടുത്താണ് സാമ്പത്തിക ബാദ്ധ്യത പരിഹരിച്ചു വരുന്നത്.

(ഡി) കോർപ്പറേഷന്റെ സാമ്പത്തിക ബാദ്ധ്യതകൾ പരിഹരിക്കുന്നതിന് സാമ്പത്തിക സഹായം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിച്ചു വരുന്നു.

സാമൂഹ്യ വനവൽക്കരണ പരിപാടി

90 (4129) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യവനവൽക്കരണ പരിപാടിക്ക് ലോകബാങ്കിന്റെ ധന സഹായം ഇപ്പോൾ നിറുത്തി വച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly